# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 431. 15-11-2019-ലെ മറുപടിക്ക്.

**അധിക വൈദഗ്ദ്ധ്യ ആർജ്ജന പദ്ധതി**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. വി. വിജയദാസ്
ശ്രീ. എം. സ്വരാജ്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. മുരളി പെരുനെല്ലി

ഡോ. കെ.ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | തല്പരരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ വൈദഗ്ദ്ധ്യം നേടി കർമശേഷി വർദ്ധിപ്പിക്കുന്ന അധിക വൈദഗ്ദ്ധ്യ ആർജ്ജന പദ്ധതി (അസാപ്) അവലോകനം ചെയ്തിരുന്നോ; എത്ര വിദ്യാർത്ഥികൾക്ക് നൈപുണി ശേഷി വികസന പരിശീലനം നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ; പദ്ധതിയുടെ നിക്ഷേപ പ്രയോജനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | എ) | അസാപ് പദ്ധതിയിൽ പരിശീലനം നേടിയ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണി വർദ്ധനവിന്റെ അവലോകനം, അന്തർദേശീയ തലത്തിൽ സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയമായ മാതൃകകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ "എംപ്ലോയബിലിറ്റി ഇൻഡക്സ്" നിർണ്ണയത്തിലൂടെ നടപ്പിലാക്കി വരുന്നുണ്ട്.<br><br>അസാപ് പദ്ധതിയിൽ ഫൗണ്ടേഷൻ മൊഡ്യൂൾ സ്കിൽ മൊഡ്യൂൾ എന്നീ രണ്ട് പരിശീലന മൊഡ്യൂളുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഫൗണ്ടേഷൻ കോഴ്സിൽ 1,68,043 വിദ്യാർത്ഥികളും സ്കിൽ കോഴ്സിൽ 1,54,814 വിദ്യാർത്ഥികളും പരിശീലനം നേടിയിട്ടുണ്ട്. ഇത് കൂടാതെ ഹ്രസ്വകാല കോഴ്സായ സമ്മർ സ്കിൽ സ്കൂൾ വഴി 33,366 കുട്ടികൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ നിക്ഷേപപ്രയോജനം വിലയിരുത്തുന്നതിനായി 2012 മുതൽ 2017 വരെ അസാപ് പരിശീലനം ലഭിച്ച 121017 വിദ്യാർത്ഥികളുടെ പരിശീലന പ്രയോജനം, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച വിശദമായ പഠനം അവസാനഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത പദ്ധതിക്കായി സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ടോ; ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | സ്ഥാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്രദമാകുന്ന രീതിയിൽ സംസ്ഥാനത്തെ 66 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളി ടെക്നിക്കുകളിലും അഡ്വാൻസ്ഡ് സ്കിൽ ഡവലെപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുകയും അതി നൂതന സാങ്കേതിക നൈപുണ്യ വികസനത്തിനായി ക്ലൗഡ് കംപ്യൂട്ടിംഗ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ, ലൈഫ് സ്കിൽ മൊഡ്യൂൾ മുതലായ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | |
| സി) | തൊഴിലധിഷ്ഠിത ന്യൂജനറേഷൻ അപ്ലൈഡ് ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ? | സി) | ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുള്ള തൊഴിലധിഷ്ഠിത ന്യൂജനറേഷൻ അപ്ലൈഡ് ഹ്രസ്വകാല കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വെർച്ച്വൽ റിയാലിറ്റി (Virtual Reality).<br>2. ഓഗ്മെന്റഡ് റിയാലിറ്റി (Augmented Reality).<br>3. മാപ്പിംഗ് ടെക്നോളജി (Here Maps).<br>4. സൈബർ സെക്യൂരിറ്റി ( Cyber Security)<br>5. എത്തിക്കൽ ഹാക്കിങ് (Ethical Hacking).<br>6. നെറ്റ്‌വർക്ക് സെക്യൂരിറ്റി (Network Security)<br>7. കോഡിങ് സ്കിൽസ് (Coding Skills).<br>8. ഡാറ്റാ സയൻസ് (Data Science). |

Deepa

സെക്ഷൻ ഓഫീസർ